## പതിമൂന്നാം കേരള നിയമസഭ

## ഒമ്പതാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ .4354 27.06.2013 ന് മറുപടിയ്ക്ക്

### അക്ഷയകേന്ദ്രങ്ങൾ വഴി ഓൺലൈൻ സമുദായ സർട്ടിഫിക്കറ്റ്

| ചോദ്യം | | ഉത്തരം |
|---|---|---|
| ശ്രീ. കെ. രാധാകൃഷ്ണൻ | | ശ്രീ. അടൂർ പ്രകാശ്<br>(റവന്യൂവും കയറും വകുപ്പ് മന്ത്രി) |
| (എ) സംസ്ഥാനത്തെ അക്ഷയകേന്ദ്രങ്ങൾ വഴി ഓൺലൈനായി സമുദായ സർട്ടിഫിക്കറ്റ് വിതരണം ചെയ്യുന്നതിലുള്ള അപാകതകൾ ശ്രദ്ധയിൽ പ്പെട്ടിട്ടുണ്ടോ ;<br><br>(ബി) എങ്കിൽ അതിന്റെ വിശദാംശങ്ങൾ ലഭ്യമാക്കാമോ; | (എ) & (ബി) | ഉണ്ട്.<br>2010–ലെ കേരള വിവര സാങ്കേതിക വിദ്യ (ഇലക്ട്രോണിക് സേവനങ്ങളുടെ വിതരണം) ചട്ടങ്ങളിലെ വകുപ്പ് 4 പ്രകാരം ഓൺലൈനായി സർട്ടിഫിക്കറ്റ് നൽകുന്നതിന് ടി ചട്ടങ്ങളിൽ നിശ്ചയിച്ച പ്രകാരമുള്ള സർവ്വീസ് ചാർജ് പട്ടികജാതി/പട്ടികവർഗ്ഗക്കാർ ഉൾപ്പെടെ യുള്ളവരിൽ നിന്നും അക്ഷയ കേന്ദ്രങ്ങൾ ഈടാക്കി വരുന്നുണ്ട്. പട്ടികജാതി/ പട്ടികവർഗ്ഗക്കാർക്ക് ഈ സേവനം സൗജന്യമായി ലഭ്യമാക്കുന്നതിന് 2010–ലെ കേരള വിവര സാങ്കേതിക വിദ്യ (ഇലക്ട്രോണിക് സേവനങ്ങളുടെ വിതരണം) ചട്ടത്തിൽ ഭേദഗതി വരുത്തേണ്ടതുണ്ട്. |
| (സി) സമുദായ സർട്ടിഫിക്കറ്റുകൾ വിതരണം ചെയ്യുന്ന രീതി കാലോചിതമായി പരിഷ്കരിക്കണമെന്ന ആവശ്യം ശ്രദ്ധയിൽ പ്പെട്ടിട്ടുണ്ടോ ;<br><br>(ഡി) എങ്കിൽ അതിനുവേണ്ടി എന്തെങ്കിലും നടപടികൾ സ്വീകരിച്ചിട്ടുണ്ടെങ്കിൽ അവയെക്കുറിച്ച് വിശദമാക്കാമോ ? | (സി) & (ഡി) | ഉണ്ട്. ജാതി സർട്ടിഫിക്കറ്റിനായി അപേക്ഷ സമർപ്പിച്ചാൽ ടി അപേക്ഷയിന്മേൽ അന്വേഷണം നടത്തി അപേക്ഷകന്റെ അവകാശവാദം ശരിയെന്ന് തെളിയുന്ന പക്ഷം 7 ദിവസത്തിനുള്ളിൽ ജാതി സർട്ടിഫിക്കറ്റ് വിതരണം ചെയ്യേണ്ടതാണെന്ന് സർക്കാർ ഉത്തരവ് നൽകിയിട്ടുണ്ട്. അക്ഷയകേന്ദ്രങ്ങൾ വഴി ജാതി സർട്ടിഫിക്കറ്റുകൾ നൽകുന്നതിന് കാലതാമസം അനുഭവപ്പെടുന്നത് ഈ പദ്ധതിയുടെ ആരംഭദിശയിലായതിനാലാണ്. ആയത് പരിഹരിക്കുന്നതിനുവേണ്ട നടപടികൾ സർക്കാർ സ്വീകരിച്ച് വരുന്നു. |

സെക്ഷൻ ഓഫീസർ